(ബി) 31-12-2004.

(സി) സ്വീകരിച്ചു വരുന്നു.

(ഡി) ഒന്നും രണ്ടും ഘട്ടങ്ങളുടെ അതിർത്തി നിർണ്ണയിച്ച് സ്ട്രക്ചറൽ വാല്വേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. വില നൽകുന്നതിനുള്ള നടപടികൾ ആയിട്ടില്ല. മറ്റു ഘട്ടങ്ങളുടെ സ്ട്രക്ചറൽ വാല്വേഷൻ ആയിട്ടില്ല.

(ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി)യും (എച്ച്)ഉം ആന്റ് (ഐ)ഉം ഇതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിവിൽ സ്റ്റേഷൻ നിർമ്മാണം

55 [653] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതല സർക്കാർ ഓഫീസുകൾക്കായി കുടപ്പനക്കുന്ന് ആസ്ഥാനമാക്കി തിരുവനന്തപുരം സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പുതിയ സിവിൽ സ്റ്റേഷൻ ജില്ലാ തലത്തിലുള്ള എത്ര സർക്കാർ ഓഫീസുകൾക്കാണ് പ്രവർത്തന സൗകര്യവും അക്കോമഡേഷനും ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) താമസ സൗകര്യം ഇനിയും ഉറപ്പാക്കാത്ത ജില്ലാതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് ഈ പ്രദേശത്തുതന്നെ ക്യാമ്പ് ഓഫീസ്/ക്വാർട്ടേഴ്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമല്ലാത്ത ഉദ്യോഗസ്ഥർക്ക് വാടക വീട് തരപ്പെടുംവരെ ഉപയോഗിക്കാൻ കൂടി സൗകര്യപ്പെടാവുന്ന വിധത്തിൽ ഒരു ഗസ്റ്റ് ഹൗസ് സിവിൽ സ്റ്റേഷൻ കോംപ്ലക്സിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ ;

(ഇ) സിവിൽ സ്റ്റേഷൻ മേഖലയിലേയ്ക്ക് യാത്രാമാർഗ്ഗങ്ങൾ ഉചിതമായി വികസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ ;

(എഫ്) നിർദ്ദിഷ്ട കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ജി) നിർമ്മാണ പ്രവർത്തനം നിർവിഘ്നം പൂർത്തിയാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) 24-11-2004-ലെ ജി. ഒ. (എം എസ്.) 349/04/റവന്യൂ വകുപ്പ് പ്രകാരം തിരുവനന്തപുരത്ത് കുടപ്പനക്കുന്ന് ആസ്ഥാനമാക്കി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് പൗൾട്രിഫാം കോമ്പൗണ്ടിൽ നിന്ന് 10 ഏക്കറോളം സ്ഥലം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രിലിമിനറി സർവ്വെ കഴിഞ്ഞ് ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കി എസ്റ്റിമേറ്റുണ്ടാക്കി പണി തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉദ്ദേശം 67-ഓളം ഓഫീസുകൾ സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) ഇക്കാര്യം പരിഗണനയിലുണ്ട്.

(ഇ) യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പേരൂർക്കട മണ്ണന്തല റോഡ് വഴയില കിഴക്കേമുക്കോല റോഡ് എന്നിവ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ആദ്യഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

വെഞ്ഞാറമ്മൂട് ജംഗ്ഷൻ വികസന പദ്ധതി

56 [654] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള എം. സി. റോഡിലെ തൈയ്ക്കാട് മുതലുള്ള റോഡിൽ വെഞ്ഞാറമ്മൂട് ജംഗ്ഷന്റെ വികസനത്തിനായി വിശദമായ ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം വരുത്തിയ പ്ലാൻ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ വെഞ്ഞാറമ്മൂട് ജംഗ്ഷന്റെ പ്രാധാന്യം കണക്കിലെടുത്ത് ജംഗ്ഷന്റെ വികസനത്തിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ;

(ഡി) വെഞ്ഞാറമ്മൂട് ജംഗ്ഷന്റെ കിഴക്കുഭാഗത്ത് എം. സി. റോഡരികിലെ പുറമ്പോക്കു ഭൂമി സ്വകാര്യവ്യക്തികൾ കൈവശം വച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ആ ഭൂമി റോഡു വികസനത്തിനായി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly